**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. രംഗത്തുണ്ടായ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.ടി. രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിയ്ക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഐ.ടി വ്യവസായരംഗത്തെ ലോകോത്തര കമ്പനികൾ ഉൾപ്പെടെ സംസ്ഥാനത്തേക്ക ആകർഷിക്കുന്ന വിധത്തിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 സർക്കാർ ഐ.ടി പാർക്കുകളിലും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ടെക്നോപാർക്കിൽ 82 ഉം കൊച്ചി ഇൻഫോപാർക്കിൽ 171 ഉം കോഴിക്കോട് സൈബർ പാർക്കിൽ 28 - ഉ ഉൾപ്പെടെ മൊത്തം 281 ഐ. ടി. കമ്പനികൾ പുതുതായി ആരംഭിക്കുകയുണ്ടായി. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനെയും ഈ സർക്കാരിന്റെ കാലത്ത വികസിപ്പിച്ച 62000 ച.അടി ഉൾപ്പെടെ ആകെ 201.69 ലക്ഷം ച.അടി അടിസ്ഥാനസൗകര്യങ്ങളാണ് ഐ.ടി പാർക്കുകളിൽ നിലവിലുള്ളത്.<br><br>ദേശീയ പാത 66-നോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സൈബർപാർക്ക് ഇൻഫോപാർക്ക്, ടെക്നോപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസ്സുകളായി 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ വേണ നടപടികൾ നടന്നുവരുന്നു. നിലവിലെ പാർക്കുകളിൽ നിന്ന് അകലെയായി അ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അയ്യായിരം മുതൽ അമ്പതിനായിരം വരെ ച. അടി വിസ്തൃതിയിൽ ഐ.ടി. സ്പേസുകൾ "വർക്ക് നിയർ ഹോം" പദ്ധതി പ്രകാരം സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഐ.ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഡിജിറ്റൽ യൂണിവേഴ്സിറ്റി വിവര സാങ്കേതിക രംഗത്ത് നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. India Innovation Centre for Graphene, Centre of Excellence in Intelligent Internet of Things (IIOT) എന്നിവ കൂടാതെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങിയിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ സോഫ്റ്റ്‌വെയർ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | കേരളത്തിലെ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ പലതലത്തിൽ സംരംഭകരിലേക്കെത്തിക്കുക വഴി കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഐ.ടി കയറ്റുമതിയിൽ ഏകദേശം 10 ശതമാനത്തിന്റെയും കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 27 ശതമാനത്തിന്റെയും കോഴിക്കോട് സൈബർപാർക്കിൽ ഏകദേശം 113 ശതമാനത്തിന്റെയും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ